# പീഡകരെ സംരക്ഷിക്കുന്ന നാട്ടിലെ സ്ത്രീകളുടെ രാത്രി നടത്തം

**എസ്. നാരായണൻ**

**തിരഞ്ഞെടുത്ത** നഗരങ്ങളിൽ, പോലീസ് വണ്ടികളുടേയും ഷാഡോ പോലീസിന്റേയും പിങ്ക് പോലീസിന്റേയും അകമ്പടിയോടെ സ്ത്രീകളെ രാത്രി നടക്കാൻ വിടുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന കോപ്രായമാണെന്ന് പറയാതിരിക്കാനാവില്ല.

സ്ത്രീകളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ എന്തെങ്കിലും താല്പര്യം ഈ സർക്കാരിനുണ്ടായിരുന്നെങ്കിൽ പാലക്കാട്ടെ വാളയാറിൽ രണ്ട് പെൺകുട്ടികൾക്ക് ഇത്രയും ദാരുണമായ അന്ത്യം ഉണ്ടാകില്ലായിരുന്നു. ആദ്യത്തെ കുട്ടിയെ പീഡനത്തെ തുടർന്ന് കെട്ടിത്തൂക്കിയ സംഭവം വീണ്ടും ആവർത്തിക്കുമെന്ന് ഒരാളും കരുതിയിട്ടുണ്ടാവില്ല. പക്ഷേ മൂന്നു മാസത്തിനുള്ളിൽ അടുത്ത കുട്ടിയും അതുപോലെത്തന്നെ അവസാനിച്ചു. സംസ്ഥാനത്ത് ക്രമസമാധാന പാലനം എന്നത് വെറും നോക്കുകുത്തിയായി. മനുഷ്യമനസ്സാക്ഷിയെ നടുക്കിയ ഈ സംഭവത്തിൽ നീതിപൂർവ്വം അന്വേഷണം നടക്കുമെന്നും കുറ്റവാളികൾ ശിക്ഷിക്കപ്പെടുമെന്നും സ്വാഭാവികമായും എല്ലാവരും പ്രതീക്ഷിച്ചു. എല്ലാ പ്രതികളേയും വെറുതെ വിട്ടുകൊണ്ട് വിധി വന്നപ്പോഴാണ് അന്വേഷണത്തിന്റെ പിന്നിൽ നടന്ന കെടുകാര്യസ്ഥതയും വഞ്ചനയും ലോകം ഞെട്ടലോടെ അറിയുന്നത്. വേലി തന്നെ വിളവ് തിന്നുകയായിരുന്നു. സംസ്ഥാനം ഭരിക്കുന്ന മുഖ്യകക്ഷിയിലെ പ്രവർത്തകൻ പ്രതിപട്ടികയിലുണ്ട്. പോലീസ് എല്ലാ ഒത്താശകളും ചെയ്തു കൊടുത്തു. ശിശുക്ഷേമ സമിതി ചെയർമാൻ കൂടിയായ പാർട്ടിക്കാരൻ വക്കീലാണ് പ്രതികളിലൊരാളുടെ വക്കാലത്ത് ഏറ്റെടുത്തിരുന്നത്. കെട്ടിത്തൂക്കപ്പെട്ട പെൺകുഞ്ഞുങ്ങൾക്ക് നീതി ലഭിക്കാൻ വേണ്ടി പോലീസ് അനങ്ങിയില്ല, പാർട്ടി അതിനു വേണ്ടി ചെറുവിരലനക്കിയില്ല. ഭരണകൂടത്തിന്റെ അനാസ്ഥ ഇത്രയും മൂർദ്ധന്യത്തിലെത്തിയ ഒരവസ്ഥ ഇതു പോലെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിരിക്കാനിടയില്ല. എല്ലാം കൈവിട്ടു പോയപ്പോൾ പതിവുപോലെ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് കുറെ പണം കൊടുത്ത് സർക്കാർ കൈകഴുകി. സംസ്ഥാന പോലീസിന്റെ അന്വേഷണത്തിൽ വിശ്വാസമില്ലെന്നും കേസ് സി.ബി.ഐയെക്കൊണ്ട് പുനരന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെട്ട് മാതാപിതാക്കൾ തിരുവനന്തപുരത്തു ചെന്ന് മുഖ്യസചിവന്റെ കാലിൽ പിടിച്ച് അപേക്ഷിച്ചപ്പോൾ അതിന് സർക്കാർ തടസ്സം നിൽക്കില്ലെന്ന മഹാമനസ്കത അവരോട് കാണിച്ചു എന്നതാണ് അവർക്ക് പണത്തിന് പുറമേ കിട്ടിയ മറ്റൊരു ആശ്വാസം.

സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ വിവസ്ത്രരായി നാണംകെട്ട് നിൽക്കുന്ന ഒരു സർക്കാർ ജാള്യത മറയ്ക്കാനായി ഇപ്പോൾ പോലീസ് അകമ്പടിയോടെ സ്ത്രീകൾക്ക് ഒരു രാത്രി തെരുവിൽ നടക്കാൻ അവസരമുണ്ടാക്കിയിരിക്കയാണ്. പാലക്കാട്ടെ തെരുവിൽ പാർട്ടിസഖിമാരും കൗൺസിൽ അംഗങ്ങളുമൊക്കെ നാടൻപാട്ടു പാടി അർമാദിക്കുന്നത് ചാനലിൽ കാണുവാനിടയായി.

"കണ്ണിമാങ്ങാ പ്രായത്തിൽ നിന്നെ ഞാൻ കണ്ടപ്പം
മാമ്പഴമാകട്ടേന്ന്...
എന്റെ പൊന്നാരേ
മാമ്പഴമാകട്ടേന്ന്..."

ചുരുങ്ങിയ പക്ഷം, സ്വന്തം എം.എൽ.എക്കെതിരെ പരാതിപ്പെട്ട പാർട്ടിപ്രവർത്തകക്കു പോലും നീതി നൽകാൻ കഴിയാത്തവരാണ് ഈ അഭ്യാസവുമായി കേരളീയരുടെ മുന്നിലേക്ക് ഇറങ്ങിയിരിക്കുന്നത്.

സ്ത്രീകൾ രാത്രി കൂട്ടമായി തെരുവിലിറങ്ങുന്നതിന്റെ മുന്നോടിയായി, പാർട്ടിപ്രവർത്തക പീഡകനെന്ന് ചൂണ്ടിക്കാണിച്ചയാളെ ഒരു ദിവസത്തെ കരുതൽ തടങ്കലിൽ വെച്ചിട്ടാണ് സാമൂഹ്യക്ഷേമ വകുപ്പ് ഈ ഗോഷ്ടിക്ക് തുനിഞ്ഞതെങ്കിൽ അല്പമെങ്കിലും ഉദ്ദേശശുദ്ധിയുണ്ടെന്ന് ന്യായമായും കരുതാമായിരുന്നു. ■

## വാളയാർ നീതിയാത്ര ആരംഭിച്ചു

വാളയാറിൽ പീഡനത്തിന് ഇരയായി മരിച്ച പെൺകുട്ടികൾക്ക് നീതി ലഭിക്കണം എന്ന് ആവശ്യപ്പെട്ട് ജസ്റ്റിസ് ഫോർ വാളയാർ കിഡ്സ് ഫോറം കൂട്ടായ്മയുടെ നേതൃത്വത്തിൽ എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നിന്നും സെക്രട്ടറിയേറ്റിലേക്ക് നടത്തുന്ന നീതിയാത്ര ജനുവരി 4ന് ആരംഭിച്ചു. യാത്ര ജനുവരി 22ന് തിരുവനന്തപുരത്ത് സമാപിക്കും.


## കേരളീയം
## വരിസംഖ്യ അയയ്ക്കുമല്ലോ

**വാർഷിക വരിസംഖ്യ (12 ലക്കം) :**
**ഇന്ത്യയിൽ** : 300 രൂപ, **സ്ഥാപനങ്ങൾക്ക്** : 600 രൂപ
**വിദേശത്തേക്ക്** : 1200 രൂപ.
**കൂട്ടായ്മ അംഗത്വം** : 15,000 രൂപ.
**ആജീവനാന്ത വരിസംഖ്യ** : 10,000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943

## കേരളീയം ഡിജിറ്റൽ ആർക്കൈവ്

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന ഈ ഡിജിറ്റൽ ആർക്കൈവ് സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:



www.keraleeyammasika.com